വെളിച്ചം സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

ഏഴാംഘട്ടം

ക്യാമ്പയിൻ 08

സൂറത്തുൽ അഹ്സാബ്

ആയത്ത് 59 മുതൽ 73 വരെ

2025 സെപ്റ്റംബർ 28 മുതൽ 2025 ഒക്ടോബർ 12 വരെ

Google Play

Velicham Online

velichamsaudionline.com

سعودي إنديان إصلاحي سنتر — Saudi Indian Islahi Center

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

വിഭാഗം - 8

《59》 ഹേ, നബിയേ!

നിന്റെ ഭാര്യമാരോടും, പുത്രിമാരോടും, സത്യവിശ്വാസികളുടെ സ്ത്രീകളോടും പറയുക: അവർ തങ്ങളുടെമേൽ തങ്ങളുടെ മേലാടകളിൽനിന്നും (കുറെ ഭാഗം) താഴ്ത്തിയിട്ടുകൊള്ളണമെന്ന്. അവർ (തിരിച്ച്) അറിയപ്പെടുവാൻ വളരെ എളുപ്പമുള്ളതാണത്. അപ്പോഴവർക്ക് ശല്യംബാധിക്കുകയില്ല. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

يَـٰٓأَيُّهَا ٱلنَّبِيُّ قُل لِّأَزْوَٰجِكَ وَبَنَاتِكَ
وَنِسَآءِ ٱلْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ
مِن جَلَـٰبِيبِهِنَّ ۚ ذَٰلِكَ أَدْنَىٰٓ أَن يُعْرَفْنَ
فَلَا يُؤْذَيْنَ ۗ وَكَانَ ٱللَّهُ غَفُورًا
رَّحِيمًا ﴿٥٩﴾

《59》 يَا أَيُّهَا النَّبِيُّ ഹേ, നബിയേ قُلْ لِأَزْوَاجِكَ നിന്റെ ഭാര്യമാരോട് പറയുക وَبَنَاتِكَ നിന്റെ പുത്രിമാരോടും وَنِسَاءِ الْمُؤْمِنِينَ സത്യവിശ്വാസികളുടെ സ്ത്രീകളോടും يُدْنِينَ അവർ താഴ്ത്തിയിടണം, തൂക്കിയിടട്ടെ عَلَيْهِنَّ അവരുടെമേൽ مِنْ جَلَابِيبِهِنَّ അവരുടെ മേലാട (ജിൽബാബു)കളിൽനിന്ന് ذَٰلِكَ അത് أَدْنَىٰ കൂടുതൽ അടുത്തതാണ്, എളുപ്പമായതാണ് أَنْ يُعْرَفْنَ അവർ അറിയപ്പെടുവാൻ (അവരെ തിരിച്ചറിയാൻ) فَلَا يُؤْذَيْنَ അപ്പോൾ അവർ ശല്യപ്പെടുത്തുകയില്ല وَكَانَ اللَّهُ അല്ലാഹു ആകുന്നു غَفُورًا പൊറുക്കുന്നവൻ رَحِيمًا കരുണാനിധി

റസൂൽ തിരുമേനി ﷺ ക്കും, സത്യവിശ്വാസികൾക്കും ശല്യമുണ്ടാക്കുന്നതിനെപ്പറ്റി ശക്തിമത്തായ താക്കീത് ചെയ്തശേഷം, അവരുടെ പരിശുദ്ധതയും മാന്യതയും കാത്തുരക്ഷിക്കുന്നതിനാവശ്യമായ ചില നിയമനിർദ്ദേശങ്ങളാണ് ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കു

ന്നത്. അമുസ്‌ലിം സ്ത്രീകളുടെയും, ചാരിത്ര്യശുദ്ധിയില്‍ താല്‍പര്യമില്ലാത്ത സ്ത്രീകളുടെയും വേഷവിധാനങ്ങളില്‍ നിന്നും വ്യത്യസ്തമായ ഒരു നിലപാട് മുസ്‌ലിം സ്ത്രീകളുടെ വേഷവിധാനത്തില്‍ ആചരിക്കേണ്ടതുണ്ടെന്ന് ഈ വാക്യം ചൂണ്ടിക്കാട്ടുന്നു. വീട്ടിലായിരിക്കുമ്പോള്‍ ഉപയോഗിക്കാറുള്ള കുപ്പായം, മക്കന, ഉടുതുണി മുതലായവക്ക് പുറമെ, വെളിയില്‍ പോകുമ്പോള്‍ മുസ്‌ലിം സ്ത്രീകള്‍, നബി ﷺ യുടെ വീട്ടുകാര്‍ വിശേഷിച്ചും- ശരീരം മറയത്തക്ക ഒരു വസ്ത്രം ധരിച്ചിരിക്കണമെന്ന് അത് ശാസിക്കുകയും ചെയ്യുന്നു. ഈ ശാസനയില്‍ അടങ്ങിയ യുക്തിയും അല്ലാഹു നമുക്ക് വിവരിച്ചുതരുന്നു. ഇങ്ങനെ ശരീരം മൂടിമറച്ച ഒരു സ്ത്രീയെ കാണുമ്പോള്‍, അവള്‍ ഒരു മുസ്‌ലിം സ്ത്രീയാണെന്നും, ചാരിത്ര്യശുദ്ധിയില്‍ താല്‍പര്യമുള്ള മാന്യസ്ത്രീയാണെന്നും എല്ലാവര്‍ക്കും മനസ്സിലാകുന്നു. അഥവാ മറ്റുള്ളവരില്‍നിന്ന് ഇവരെ വേഗം തിരിച്ചറിയുവാന്‍ ഇത് കാരണമാകുന്നു. മാത്രമല്ല, ഹൃദയശുദ്ധിയും, സ്വഭാവഗുണവുമില്ലാത്ത ആളുകള്‍ അന്യസ്ത്രീകളുമായി കണ്ടുമുട്ടുമ്പോള്‍ ഉണ്ടായേക്കാനിടയുള്ള ശല്യങ്ങള്‍ക്ക് -അഹിതമായ പെരുമാറ്റങ്ങള്‍ക്കും സംസാരങ്ങള്‍ക്കും- ഇത് തടസ്സമായിത്തീരുകയും ചെയ്യും. (ذلك أدنى ان يعرفن فلا يؤذين)

'ജില്‍ബാബ്' (جلباب) എന്ന പദത്തിന്റെ ബഹുവചനമാണ് 'ജലാബീബ്' (جلابيب) മേലാട എന്ന് ഇതിന് അര്‍ത്ഥം പറയാം. പ്രധാന തഫ്സീറുകളിലും, അറബി നിഘണ്ടുക്കളിലും ഈ വാക്കിന് കൊടുത്തിട്ടുള്ള അര്‍ത്ഥങ്ങളില്‍ പരസ്പരം അക്ഷരവ്യത്യാസം കാണാമെങ്കിലും സാരത്തില്‍ ഏതാണ്ടെല്ലാം യോജിക്കുന്നുണ്ട്, 'മക്കനയെക്കാള്‍ വലിയ വസ്ത്രം, മൂടിപ്പുതക്കുന്നത്, പുതപ്പ്, മുഖമൂടി (ആളെ തിരിച്ചറിയാതിരിക്കാന്‍വേണ്ടി തലയും മുഖവും മൂടുന്നത്). ശരീരം മുഴുവന്‍ മറക്കുന്ന വസ്ത്രം, കുപ്പായത്തിനും മക്കനക്കും മീതെയായി സ്ത്രീകള്‍ ചുറ്റിപ്പുതക്കുന്ന മൂടുപടം, മുകളില്‍നിന്ന് അടിവരെ മറക്കുന്നത്, വിശാലമായ വസ്ത്രം' എന്നൊക്കെയാണ് അവ. (*) 'മേല്‍മൂടി, മേലാട, ചുറ്റിപ്പുത, മേലങ്കി, മൂടുവസ്ത്രം' മുതലായ വാക്കുകളില്‍ മലയാളത്തില്‍ ഇതിന് വിവര്‍ത്തനം നല്‍കപ്പെടുന്നു. (**) 'അവരുടെമേല്‍ താഴ്ത്തിയിടണം' (يدنين عليهن) എന്ന് അല്ലാഹു പറഞ്ഞവാക്ക് ശ്രദ്ധേയമാകുന്നു. ശരീരം മുഴുവനും- തലയും, കഴുത്തും, മുഖവും അടക്കം- 'ജില്‍ബാബ്' കൊണ്ട് മൂടി മറക്കേണ്ടതുണ്ടെന്നാണ് പ്രത്യക്ഷത്തില്‍ ഇതില്‍നിന്ന് വരുന്നത്. പക്ഷേ, സൂറത്തുന്നൂര്‍ 31-ാം വചനത്തില്‍നിന്നും, അതിന്റെ വ്യാഖ്യാനത്തില്‍നിന്നുമായി, സ്ത്രീയുടെ മുഖവും കൈപടങ്ങളും മറക്കല്‍ നിര്‍ബന്ധമില്ലെന്നും നാം കണ്ടു. അതുകൊണ്ട് ഇവിടെയും, മുന്‍കയ്യും മുഖവും നിര്‍ബന്ധത്തില്‍നിന്ന് ഒഴിവാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. സാധാരണനിലയിലാകുമ്പോള്‍ മാത്രമാണ് സൂറത്തുന്നൂറില്‍ മുഖം ഒഴിവാക്കപ്പെട്ടിരിക്കുന്നതെന്നും, വെളിയില്‍ പോകുമ്പോള്‍ മുഖവും മറക്കേണ്ടതുണ്ടെന്നാണ് ഈ വചനത്തിന്റെ താല്‍പര്യമെന്നും, എങ്കിലും കണ്ണിന്റെ കാഴ്ചക്ക് ഭംഗംവരാത്തവണ്ണം കണ്ണുകള്‍ അതില്‍നിന്ന് ഒഴിവാക്കണമെന്നും സ്വഹാബികളും, താബിഉകളും അടക്കമുള്ള പല മഹാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട് താനും. أعلم الله

പര്‍ദ്ദയെക്കുറിച്ച് വന്നിട്ടുള്ള ക്വുര്‍ആന്റെ പ്രസ്താവനകളും, നബിവചനങ്ങളും നിഷ്പക്ഷമായി പരിശോധിച്ചാല്‍ ഇവിടെ നാം സ്വീകരിക്കേണ്ടുന്ന നയം ഇതാണെന്ന് കാണാം: സ്ത്രീകള്‍ മുഖം മറക്കണമെന്നോ മറക്കരുതെന്നോ സ്വതവേ നിര്‍ബന്ധമില്ല. സാധാരണഗ

(*) ثوب اكبر من الخمار, الملحفة, اللحاف, القناع, ثوب يستر جميع البدن, الملائة التى تشتمل بها المرأة فوق الدرع والخمار, مايستر من فوق الى اسفل, الثوب الواسع ونحوها

(**) Gown, Flowing outer garment എന്ന് 'ക്വാമൂസ് അസ്‌രീ'യിലും, Smock, Women's gown എന്ന് 'ഫറാഇദി'ലും കാണാം.

തിയിൽ ഈ രണ്ടിലൊന്നിൽ നിർബന്ധം ചെലുത്തുവാനും പാടില്ല. പരിതഃസ്ഥിതികളുടെയോ, ചുറ്റുപാടിന്റെയോ വ്യത്യാസം അനുസരിച്ച് മുഖവും കഴിയുന്നത്ര മറക്കുന്നത് ചിലപ്പോൾ നന്നായിരിക്കുകയും, ചിലപ്പോൾ അത്യാവശ്യമായിത്തീരുകയും ചെയ്യും.(*)

സൂറത്തുന്നൂറിൽവെച്ച് ഇസ്ലാമിലെ പർദ്ദയെപ്പറ്റി സവിസ്തരം വിവരിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതൽ ദീർഘിപ്പിക്കേണ്ടതില്ല. ഒരു കാര്യം ഒന്നുകൂടി ഓർമപ്പെടുത്തുന്നത് ഇന്നത്തെ പരിതഃസ്ഥിതിയിൽ അധികപ്പറ്റാവുകയില്ല. ഇസ്ലാമിക സംസ്ക്കാരങ്ങളെയും, ധാർമികമൂല്യങ്ങളെയും പുച്ഛിച്ചുകൊണ്ടുള്ള ഭൗതിക പരിഷ്കാരങ്ങളുടെ തേർവാഴ്ച നിർവിഘ്നം നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തും- അറിഞ്ഞോ അറിയാതെയോ- മുസ്ലിംസ്ത്രീകളുടെ പർദ്ദയെ കഴിവതും വെട്ടിക്കുറക്കുവാനും, അതിനുവേണ്ടി ക്വുർആനെയും സുന്നത്തിനെയും ദുർവ്യാഖ്യാനം ചെയ്യുവാനും, മുസ്ലിംകളുടെ പർദ്ദാസമ്പ്രദായം അവരുടെ പുരോഗതിക്ക് തടസ്സമാണെന്ന് ഘോഷിക്കുവാനും മുതിരുന്ന പലരെയും ഇന്ന് കാണാം. ഇവരുടെ കെണിയിൽ അകപ്പെടാതിരിക്കുവാനും, അങ്ങനെ, 57-ാം വചനത്തിലെ താക്കീതിന് പാത്രമായിത്തീരാതിരിക്കുവാനും ഓരോ സത്യവിശ്വാസിയും സൂക്ഷിക്കേണ്ടതാകുന്നു.' والله الموفق

۞ لَّئِن لَّمْ يَنتَهِ ٱلْمُنَـٰفِقُونَ وَٱلَّذِينَ
فِى قُلُوبِهِم مَّرَضٌ وَٱلْمُرْجِفُونَ
فِى ٱلْمَدِينَةِ لَنُغْرِيَنَّكَ بِهِمْ ثُمَّ لَا
يُجَاوِرُونَكَ فِيهَآ إِلَّا قَلِيلًا ﴿٦٠﴾
مَّلْعُونِينَ ۖ أَيْنَمَا ثُقِفُوٓا۟ أُخِذُوا۟
وَقُتِّلُوا۟ تَقْتِيلًا ﴿٦١﴾

﴾60﴿ കപടവിശ്വാസികളും, തങ്ങളുടെ ഹൃദയത്തിൽ രോഗമുള്ളവരും, മദീനഃയിൽ (കള്ളവാർത്ത പ്രചരിപ്പിച്ച്) ഭീതി ഉളവാക്കുന്നവരും വിരമിക്കാത്തപക്ഷം, നിശ്ചയമായും (നബിയേ) നിന്നെ നാം അവരിൽ ഇളക്കിവിടുകതന്നെ ചെയ്യും. പിന്നീട്, അല്പമാത്രമല്ലാതെ, അവർ അവിടത്തിൽ നിന്നോട് അയൽവാസം നടത്തുകയില്ല;

﴾61﴿ (അതും) ശപിക്കപ്പെട്ടവരായ നിലയിൽ! എവിടെവെച്ച് കണ്ടുമുട്ടിയാലും അവർ പിടിക്കപ്പെടുകയും, (നിർദ്ദാക്ഷിണ്യം) അറുകൊല ചെയ്യപ്പെടുകയും ചെയ്യുന്നതാണ്.

(*) (دمشق) ഡമസ്കസ്കാരനായ മുഹമ്മദ് നാസിറുദ്ദീൻ അൽബാനീ (محمد ناصر الدين الألباني) എന്ന പണ്ഡിതൻ حجاب المرأة المسلمة (മുസ്ലിം സ്ത്രീയുടെ പർദ്ദ) എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥത്തിൽ ക്വുർആന്റെയും, സുന്നത്തിന്റെയും അടിസ്ഥാനത്തിൽ പർദ്ദയുടെ നാനാവശങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ഇതെഴുതിക്കൊണ്ടിരിക്കുമ്പോഴാണ് ഇതിന്റെ രണ്ടാംപതിപ്പ് കാണുവാൻ സാധിച്ചത്. ഈ വിഷയകമായി വളരെ ചർച്ച നടത്തിയശേഷം അദ്ദേഹം ഈ അഭിപ്രായത്തിന്നാണ് മുൻഗണന അതിൽ നൽകിയിരിക്കുന്നത്. (الحمد لله)

سُنَّةَ ٱللَّهِ فِى ٱلَّذِينَ خَلَوْا۟ مِن قَبْلُ ۖ وَلَن تَجِدَ لِسُنَّةِ ٱللَّهِ تَبْدِيلًا ﴿٦٢﴾

《62》 മുമ്പ് കഴിഞ്ഞുപോയിട്ടുള്ളവരിൽ (സ്വീകരിച്ച) അല്ലാഹുവിന്റെ നടപടി ക്രമം (തന്നെ)! അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു മാറ്റം വരുത്തലും നീ കണ്ടെത്തുന്നതേയല്ല.

《60》 لَئِن لَّمْ يَنتَهِ വിരമിച്ചില്ലെങ്കിൽ الْمُنَافِقُونَ കപടവിശ്വാസികൾ وَالَّذِينَ യാതൊരു കൂട്ടരും فِي قُلُوبِهِم അവരുടെ ഹൃദയങ്ങളിലുണ്ട് مَّرَضٌ രോഗം وَالْمُرْجِفُونَ ഭീതിയുണ്ടാക്കുന്നവരും فِي الْمَدِينَةِ മദീനഃയിൽ لَنُغْرِيَنَّكَ നിശ്ചയമായും നിന്നെ നാം ഇളക്കിവിടും, പ്രേരിപ്പിക്കും بِهِمْ അവരിൽ ثُمَّ لَا يُجَاوِرُونَكَ പിന്നീട് അവർ നിന്നോട് അയൽവാസം നടത്തുകയില്ല فِيهَا അതിൽ إِلَّا قَلِيلًا അൽപമായിട്ടല്ലാതെ 《61》 مَّلْعُونِينَ ശപിക്കപ്പെട്ടവരായിക്കൊണ്ട് أَيْنَمَا ثُقِفُوا അവർ എവിടെവെച്ച് കാണപ്പെട്ടാലും, അവരെ കണ്ടുമുട്ടിയാലും أُخِذُوا അവർ പിടിക്കപ്പെടും وَقُتِّلُوا അവർ അറുകൊല ചെയ്യപ്പെടുകയും ചെയ്യും تَقْتِيلًا ഒരു (നിഷ്കരുണമായ) കൊലനടത്തൽ 《62》 سُنَّةَ اللَّهِ അല്ലാഹുവിന്റെ നടപടി فِي الَّذِينَ യാതൊരു കൂട്ടരിൽ خَلَوْا കഴിഞ്ഞുപോയ مِن قَبْلُ മുമ്പ് وَلَن تَجِدَ നീ കണ്ടെത്തുന്നതേയല്ല لِسُنَّةِ اللَّهِ അല്ലാഹുവിന്റെ നടപടിക്ക് تَبْدِيلًا ഒരു മാറ്റം വരുത്തലും

ബാഹ്യത്തിൽമാത്രം മുസ്‌ലിംവേഷം ധരിച്ച മുനാഫിക്വുകളും, ദേഹേച്ഛകൾക്കും തോന്നിയവാസങ്ങൾക്കും അനുസരിച്ച് കഴിഞ്ഞുകൂടുന്ന പിഴച്ച മനഃസ്ഥിതിക്കാരും, മുസ്‌ലിംകൾക്കിടയിൽ വ്യാജവാർത്തകൾ പ്രചരിപ്പിച്ചു ഭീതിയും, നടുക്കവും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ആളുകളും– അവരവരുടെ നിലപാട് നിറുത്തൽ ചെയ്യാത്തപക്ഷം നേരിടേണ്ടിവരുന്ന ഭവിഷ്യത്തിനെക്കുറിച്ച് അല്ലാഹു താക്കീത് നൽകുകയാണ്. എനിയും ഈ നില അവർ തുടരുകയാണെങ്കിൽ അവരെ മദീനഃയിൽനിന്ന് നിന്ദ്യൻമാരായ നിലയിൽ ആട്ടിപ്പുറത്താക്കുവാൻ അല്ലാഹു നബി ﷺ ക്ക് കൽപന കൊടുക്കും; പിന്നീടവർക്ക് അയൽപക്കത്തൊന്നും താമസിക്കുവാൻ നിർവ്വാഹമുണ്ടായിരിക്കയില്ല; വല്ല അവസരവും അതിനവർക്ക് ലഭിച്ചാൽതന്നെ, ശപിക്കപ്പെട്ട ഒരു വർഗമായിട്ടല്ലാതെ ജീവിക്കുവാനും സാധ്യമാകുകയില്ല; കാരണം, കിട്ടിയേടത്തുവെച്ച് അവരെ പിടിച്ചു നിഷ്കരുണം കൊല ചെയ്തുകളയുന്നതാണ്. ഇതാണ് താക്കീത്. ഈ വചനം അ വ ത രി ച്ചതിന് ശേഷം അധികം താമസിയാതെ മുസ്‌ലിംകൾക്ക് ഇത്തരക്കാരുടെ ശല്യം ഇല്ലാതായിത്തീരുകയും, മദീനഃയിൽ അവരുടെ പ്രതാപം നാമാവശേഷമാകുകയും ചെയ്തു.

يَسْـَٔلُكَ ٱلنَّاسُ عَنِ ٱلسَّاعَةِ ۖ قُلْ إِنَّمَا عِلْمُهَا عِندَ ٱللَّهِ ۚ وَمَا يُدْرِيكَ لَعَلَّ ٱلسَّاعَةَ تَكُونُ قَرِيبًا ﴿٦٣﴾

《63》 മനുഷ്യർ അന്ത്യസമയത്തെപ്പറ്റി നിന്നോട് ചോദിക്കുന്നു. നീ പറയുക: 'നിശ്ചയമായും, അതിന്റെ അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു.' (നബിയേ) നിനക്ക് അറിയിച്ചുതരുന്നത് എന്താണ്. [നിനക്ക് എന്തറിയാം]?! അന്ത്യസമയം (ഒരുപക്ഷേ) അടുത്ത അവസരത്തിൽ ഉണ്ടായേക്കാം.

إِنَّ ٱللَّهَ لَعَنَ ٱلْكَـٰفِرِينَ وَأَعَدَّ لَهُمْ سَعِيرًا ﴿٦٤﴾

﴿64﴾ അവിശ്വാസികളെ നിശ്ചയമായും അല്ലാഹു ശപിച്ചിരിക്കുന്നു; അവർക്ക് ജ്വലിക്കുന്ന അഗ്നിയെ അവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു;-

خَـٰلِدِينَ فِيهَآ أَبَدًا ۖ لَّا يَجِدُونَ وَلِيًّا وَلَا نَصِيرًا ﴿٦٥﴾

﴿65﴾ അതിൽ (അവർ) എന്നെന്നും നിത്യവാസികളായ നിലയിൽ. യാതൊരു ബന്ധുവിനെയാകട്ടെ, സഹായകനെയാകട്ടെ അവർ കണ്ടെത്തുകയില്ല.

يَوْمَ تُقَلَّبُ وُجُوهُهُمْ فِى ٱلنَّارِ يَقُولُونَ يَـٰلَيْتَنَآ أَطَعْنَا ٱللَّهَ وَأَطَعْنَا ٱلرَّسُولَا۠ ﴿٦٦﴾

﴿66﴾ നരകത്തിൽ അവരുടെ മുഖങ്ങൾ മറിച്ചിടപ്പെടുന്ന ദിവസം (അന്ന്) അവർ പറഞ്ഞുകൊണ്ടിരിക്കും: 'ഹാ! ഞങ്ങൾ അല്ലാഹുവിനെ അനുസരിക്കുകയും, റസൂലിനെ അനുസരിക്കുകയും ചെയ്തിരുന്നെങ്കിൽ നന്നായേനേ!'

﴿63﴾ يَسْأَلُكَ നിന്നോട് ചോദിക്കുന്നു, ചോദിക്കും النَّاسُ മനുഷ്യർ عَنِ السَّاعَةِ അന്ത്യസമയത്തെപ്പറ്റി قُلْ നീ പറയുക إِنَّمَا عِلْمُهَا നിശ്ചയമായും അതിന്റെ അറിവ്, വിവരം عِنْدَ اللهِ അല്ലാഹുവിങ്കൽ മാത്രമാണ് وَمَا എന്തൊന്നാണ് يُدْرِيكَ നിനക്കറിയിച്ചു തരുന്നത് لَعَلَّ السَّاعَةَ അന്ത്യസമയം ആയേക്കാം تَكُونُ ഉണ്ടാവുക قَرِيبًا അടുത്ത് ﴿64﴾ إِنَّ اللهَ നിശ്ചയമായും അല്ലാഹു لَعَنَ الْكَافِرِينَ അവിശ്വാസികളെ ശപിച്ചിരിക്കുന്നു وَأَعَدَّ لَهُمْ അവർക്ക് ഒരുക്കുകയും ചെയ്തിരിക്കുന്നു سَعِيرًا ജ്വലിക്കുന്ന തീ ﴿65﴾ خَالِدِينَ ശാശ്വതരായ നിലയിൽ فِيهَا അതിൽ أَبَدًا എക്കാലവും لَا يَجِدُونَ അവർ കണ്ടെത്തുകയില്ല وَلِيًّا ഒരു ബന്ധുവെയും وَلَا نَصِيرًا സഹായകനെയും ഇല്ല ﴿66﴾ يَوْمَ تُقَلَّبُ മറിച്ചിടപ്പെടുന്ന ദിവസം وُجُوهُهُمْ അവരുടെ മുഖങ്ങൾ فِي النَّارِ നരകത്തിൽ يَقُولُونَ അവർ പറഞ്ഞുകൊണ്ടിരിക്കും يَا لَيْتَنَا ഹാ ഞങ്ങളായിരുന്നെങ്കിൽ നന്നായേനേ أَطَعْنَا اللهَ ഞങ്ങൾ അല്ലാഹുവിനെ അനുസരിച്ചിരുന്നു وَأَطَعْنَا الرَّسُولَا റസൂലിനെയും അനുസരിച്ചിരുന്നു (എങ്കിൽ)

وَقَالُوا۟ رَبَّنَآ إِنَّآ أَطَعْنَا سَادَتَنَا وَكُبَرَآءَنَا فَأَضَلُّونَا ٱلسَّبِيلَا۠ ﴿٦٧﴾

﴿67﴾ അവർ (ഇങ്ങനെ) പറയുകയും ചെയ്യും: 'ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ ഞങ്ങളുടെ നേതാക്കളെയും, ഞങ്ങളുടെ മൂപ്പൻമാരെയും അനുസരിച്ചുകളഞ്ഞു; അങ്ങനെ, അവർ ഞങ്ങളെ വഴി പിഴപ്പിച്ചിരിക്കയാണ്;

رَبَّنَآ ءَاتِهِمْ ضِعْفَيْنِ مِنَ ٱلْعَذَابِ وَٱلْعَنْهُمْ لَعْنًا كَبِيرًا ﴿٦٨﴾

﴾68﴿ 'ഞങ്ങളുടെ രക്ഷിതാവേ! അവർക്ക് ശിക്ഷയിൽനിന്ന് രണ്ടിരട്ടി നീ നൽകേണമേ! അവരെ വമ്പിച്ച ശാപം ശപിക്കുകയും ചെയ്യേണമേ!!'

﴾67﴿ وَقَالُوا അവർ പറയുകയും ചെയ്യും رَبَّنَا ഞങ്ങളുടെ രക്ഷിതാവേ إِنَّا നിശ്ചയ
മായും ഞങ്ങൾ أَطَعْنَا ഞങ്ങൾ അനുസരിച്ചു سَادَتَنَا ഞങ്ങളുടെ നേതാക്കളെ وَكُبَرَاءَنَا
ഞങ്ങളിൽ വലിയവരെ (മൂപ്പൻമാരെ)യും فَأَضَلُّونَا അങ്ങനെ അവർ ഞങ്ങളെ വഴിപിഴ
പ്പിച്ചു ﴾68﴿ رَبَّنَا ഞങ്ങളുടെ റബ്ബേ آتِهِمْ നീ അവർക്ക് കൊടുക്കേണമേ ضِعْفَيْنِ രണ്ടിരട്ടി
مِنَ الْعَذَابِ ശിക്ഷയിൽ നിന്ന് وَالْعَنْهُمْ അവരെ നീ ശപിക്കുകയും വേണമേ لَعْنًا كَبِيرًا വലു
തായ (വമ്പിച്ച) ശാപം

അന്ത്യസമയമാകുന്ന പ്രളയഘട്ടത്തെപ്പറ്റി ചോദിക്കുന്നവരോട് അതിനെക്കുറിച്ച് അല്ലാഹുവിന്മാത്രമേ അറിവുള്ളൂവെന്ന് മറുപടി പറയുവാൻ നബി ﷺ യോട് കൽപിക്കുന്നു. അല്ലാഹുവല്ലാത്ത ഒരാൾക്കും ഇത് സംബന്ധിച്ച വിവരം അവൻ നൽകിയിട്ടില്ലാത്ത സ്ഥിതിക്ക് നബി ﷺ ക്ക് അതെങ്ങിനെ അറിയുവാൻ സാധിക്കും?! എന്നാൽ, അതിനെക്കുറിച്ച് ചോദ്യംചെയ്യുന്നവർ, വാസ്തവത്തിൽ മരണാനന്തരജീവിതത്തെയും, പരലോകത്തെയും നിഷേധിക്കുന്നവരാണ്. ആകയാൽ, അന്നത്തെ ദിവസം ആ നിഷേധികളുടെ അവസ്ഥ എന്തായിരിക്കുമെന്ന് അല്ലാഹു തുടർന്നു വിവരിക്കുന്നു. അഥവാ, അന്ത്യസമയം എപ്പോഴെന്നല്ല അവർ അന്വേഷിക്കേണ്ടത്; അതിനെത്തുടർന്നുണ്ടാകുന്ന സംഭവ വികാസങ്ങളെയും, അന്നത്തെ അവരുടെ സ്ഥിതിഗതികളെയും സംബന്ധിച്ചാണ് അന്വേഷിച്ചറിയേണ്ടത് എന്ന് അവരെ ഓർമിപ്പിക്കുന്നു.

വിഭാഗം - 8

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَكُونُوا۟ كَٱلَّذِينَ ءَاذَوْا۟ مُوسَىٰ فَبَرَّأَهُ ٱللَّهُ مِمَّا قَالُوا۟ ۚ وَكَانَ عِندَ ٱللَّهِ وَجِيهًا ﴿٦٩﴾

﴾69﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ യാതൊരു കൂട്ടരെപോലെ ആവരുത്: അവർ മൂസായെ ശല്യപ്പെടുത്തുകയും, എന്നിട്ട് അവർ പറഞ്ഞതിൽനിന്ന് അല്ലാഹു അദ്ദേഹത്തെ ഒഴിവാ(ക്കി നിരപരാധിത്വം തെളിയി)ക്കുകയും ചെയ്തു. അദ്ദേഹം അല്ലാഹുവിന്റെ അടുക്കൽ പ്രമുഖനായ ഒരാളുമായിരുന്നു.

﴾69﴿ يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ لَا تَكُونُوا നിങ്ങൾ ആകരുത് كَالَّذِينَ
യാതൊരു കൂട്ടരെപ്പോലെ آذَوْا مُوسَى അവർ മൂസായെ ശല്യപ്പെടുത്തി فَبَرَّأَهُ اللَّهُ എന്നിട്ട
ദ്ദേഹത്തെ അല്ലാഹു ഒഴിവാക്കി, നിരപരാധിയാക്കി مِمَّا قَالُوا അവർ പറഞ്ഞതിൽ നിന്ന് وَكَانَ
അദ്ദേഹമായിരുന്നുതാനും عِنْدَ اللَّهِ അല്ലാഹുവിന്റെ അടുക്കൽ وَجِيهًا പ്രമുഖൻ

57, 58 എന്നീ ആയത്തുകളുടെ വിവരണത്തിൽനിന്ന് 'ശല്യപ്പെടുത്തുക' എന്നതിന്റെ വിവിധ രൂപങ്ങൾ നാം മനസ്സിലാക്കിയല്ലോ. മൂസാ നബി (അ)ക്ക് അദ്ദേഹത്തിന്റെ സമുദായ ത്തിൽനിന്ന് അനുഭവപ്പെട്ട ശല്യങ്ങൾ നിരവധിയാണെന്ന് പറയേണ്ടതില്ല. അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ നിഷേധിച്ചിരുന്ന പ്രത്യക്ഷ ശത്രുവിഭാഗക്കാരിൽ നിന്ന് മാത്രമല്ല, അദ്ദേ ഹത്തിന്റെ സ്വന്തം ജനതയായ ഇസ്റാഈല്യരിൽനിന്ന് പോലും ധാരാളം ശല്യങ്ങൾ അദ്ദേ ഹത്തിന് അനുഭവിക്കേണ്ടി വന്നിരുന്നു. അവയിൽ ഏതെങ്കിലും ചില വിഷയങ്ങളെക്കുറിച്ച് ഇവിടെ പ്രത്യേകം സൂചനകളൊന്നും അല്ലാഹു നൽകിയിട്ടില്ല. എന്നിരിക്കെ, ഇവിടെ അവ മൊത്തത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവെന്ന് കരുതേണ്ടിയിരിക്കുന്നു. ക്വുർആനിലും, ഹദീഥിലും, മഹാൻമാരുടെ ഗ്രന്ഥങ്ങളിലും കാണപ്പെടുന്ന പല സംഭവങ്ങളും ഇവിടെ അതിന് ഉദാഹരണമായി എടുക്കാവുന്നതുമാകുന്നു.

ശത്രുക്കളുമായി യുദ്ധം നടത്തേണ്ടുന്ന ഘട്ടം വന്നപ്പോൾ ഇസ്റാഈല്യർ മൂസാ നബി (അ)യോട് പറഞ്ഞു:'നീയും, നിന്റെ റബ്ബും പോയി യുദ്ധംചെയ്തുകൊള്ളുക. ഞങ്ങളിവിടെ ഇരിക്കുകയാണ്.' -٢٤:٥ - (اذهب انت وربك فقاتلا انا ههنا قاعدون– المائدة) 'തീഹ്' മരുഭൂമിയിൽവെച്ച് 'മന്നാ'യും'സൽവാ'യും(ഒരു തരം കട്ടിത്തേനും,കാടപ്പക്ഷിയും) സുഭിക്ഷം ലഭിച്ചുകൊ ണ്ടിരുന്ന അവസരത്തിൽ അവർ പറഞ്ഞു: 'നിശ്ചയമായും ഞങ്ങൾ ഒരേ ഭക്ഷണത്തിൻമേൽ ക്ഷമിച്ചുകൊണ്ടിരിക്കുകയില്ല.'-(٦١:٢ ان نصبر على طعام واحد- البقرة) മറ്റൊരവസരത്തിൽ അവർ ശഠിച്ചു: 'ഞങ്ങൾ അല്ലാഹുവിനെ പരസ്യമായിക്കാണുവോളം നിന്നെ ഞങ്ങൾ വിശ്വസിക്കു കയില്ല.' - ٥٥:٢-(أن نؤمن لك حتى نرى الله جهرة– البقرة) മൂസാ നബി (അ) തൗറാത്ത് ഏറ്റുവാ ങ്ങുവാൻവേണ്ടി സീനാപർവ്വതത്തിൽ പോയി വന്നപ്പോഴേക്കും അവർ പശുക്കുട്ടിയെ ദൈവ മാക്കി ആരാധിച്ച സംഭവം പ്രസിദ്ധമാണ്. ഇങ്ങനെ പലതും.

മൂസാ (അ) വളരെ ലജ്ജാശീലനായിരുന്നുവെന്നും, അതിനാൽ ശരീരത്തിന്റെ അൽപ ഭാഗം വെളിവാകുന്നതിൽ അദ്ദേഹം വളരെ സങ്കോചപ്പെട്ടിരുന്നുവെന്നും, അദ്ദേഹത്തിന് വെള്ളപ്പാണ്ഡോ മറ്റോ ഉള്ളതുകൊണ്ടാണതെന്ന് ജനങ്ങൾ പറഞ്ഞുപരത്തുകയുണ്ടായെന്നും, അദ്ദേഹം ഏകനായി കുളിക്കുവാൻവേണ്ടി വസ്ത്രങ്ങൾ അഴിച്ചുവെച്ച ഒരവസരത്തിൽ ആ പ്രസ്താവന ശരിയല്ലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ അല്ലാഹു ഒരു അവസരം ഉണ്ടാക്കിയെന്നും നബി ﷺ പ്രസ്താവിച്ചിരിക്കുന്നു. തുടർന്നുകൊണ്ട് ഈ ക്വുർആൻവ ചനം തിരുമേനി ഓതുകയും ചെയ്തു. (അഹ്മദ്, ബുഖാരി (റ) മുതലായവർ ഇത് ഉദ്ധരിച്ചി രിക്കുന്നു.) ഹാറൂൻ നബി (അ)യെ കാണാതായ ഒരവസരത്തിൽ മൂസാ (അ) അദ്ദേഹത്തെ കൊലപ്പെടുത്തിയിരിക്കുന്നു എന്നും മറ്റുമുള്ള വേറെ ആരോപണങ്ങളും അദ്ദേഹത്തിന്റെ പേരിൽ നടത്തപ്പെട്ടതായി ചില രിവായത്തുകൾ കാണാം.

ഇങ്ങനെയുള്ള യാതൊരു ശല്യങ്ങളും നബി തിരുമേനി ﷺക്ക് സത്യവിശ്വാസികളിൽനിന്ന് ഉണ്ടാകരുതെന്നും അങ്ങനെ വല്ലതും ആരെങ്കിലും പ്രവർത്തിച്ചാൽ അതിന്റെ ഫലം അവർ അനുഭവിക്കേണ്ടി വരുമെന്നല്ലാതെ നബി ﷺക്ക് അതുകൊണ്ട് ദോഷമൊന്നും പിണയുവാ നില്ലെന്നും, അല്ലാഹു തിരുമേനിയുടെ നിരപരാധിത്വം തെളിയിക്കുകതന്നെ ചെയ്യുമെന്നും സത്യവിശ്വാസികളെ അല്ലാഹു ഇതുമൂലം താക്കീത് ചെയ്യുന്നു. നബി ﷺ ജനങ്ങൾക്കിടയിൽ പൊതുസ്വത്തുക്കൾ ഭാഗിച്ചുകൊണ്ടിരിക്കെ ഒരാൾ പറയുകയുണ്ടായി: 'അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചിട്ടില്ലാത്ത ഒരു ഓഹരി ചെയ്യലാണിത്.' ഇതുകേട്ടപ്പോൾ തിരുമേനിയുടെ മുഖം ചുവന്നു. അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ കാരുണ്യം മൂസാ നബിയിലുണ്ടാകട്ടെ! ഇതി നെക്കാൾ വലിയ തോതിൽ അദ്ദേഹത്തിന് ശല്യം ബാധിക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ടും അദ്ദേഹം അത് ക്ഷമിച്ചു.'
(رحمة الله على موسى لقد اوذى بأكثر من هذا فصبر– متفق عليه)

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَقُولُوا۟ قَوْلًا سَدِيدًا ﴿٧٠﴾

《70》 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; നേരെ ചൊവ്വായ വാക്കുപറയുകയും ചെയ്യുവിൻ;-

---

《70》 يَاأَيُّهَاالَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ اتَّقُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَقُولُوا പറയുകയും ചെയ്യുവിൻ قَوْلًاسَدِيدًا ചൊവ്വായ (നേരായ) വാക്ക്

يُصْلِحْ لَكُمْ أَعْمَـٰلَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ فَقَدْ فَازَ فَوْزًا عَظِيمًا ﴿٧١﴾

《71》 (എന്നാൽ) അവൻ നിങ്ങൾ ക്ക് നിങ്ങളുടെ കർമങ്ങളെ നന്നാക്കിത്തരുകയും, നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹുവിനെയും, അവന്റെ റസൂലിനെയും ആർ അനുസരിക്കുന്നുവോ, തീർച്ചയായും അവൻ വമ്പിച്ച ഭാഗ്യം പ്രാപിച്ചു.

《71》 يُصْلِحْ لَكُمْ അവൻ നിങ്ങൾക്ക് നന്നാക്കിത്തരും أَعْمَالَكُمْ നിങ്ങളുടെ കർമങ്ങളെ, പ്രവർത്തനങ്ങളെ وَيَغْفِرْ لَكُمْ നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും ذُنُوبَكُمْ നിങ്ങളുടെ പാപങ്ങളെ وَمَنْ يُطِعِ ആരെങ്കിലും അനുസരിച്ചാൽ, ആർ വഴിപ്പെട്ടുവോ اللَّهَ وَرَسُولَهُ അല്ലാഹുവിനെയും അവന്റെ റസൂലിനെയും فَقَدْ فَازَ എന്നാലവൻ ഭാഗ്യം പ്രാപിച്ചു فَوْزًا عَظِيمًا വമ്പിച്ച ഭാഗ്യം, വിജയം

രണ്ട് കാര്യങ്ങൾ അല്ലാഹു ഇവിടെ സത്യവിശ്വാസികളെ ഉപദേശിക്കുന്നു. രണ്ട് കാര്യങ്ങൾ അവരോട് വാഗ്ദാനവും ചെയ്യുന്നു. അനുസരണവും സൽകർമവും വഴി അല്ലാഹുവിനെ സൂക്ഷിക്കുക, അഥവാ അവനോട് ഭയഭക്തിയുണ്ടായിരിക്കുക, അക്രമത്തിന്റെയും അന്യായത്തിന്റെയും കലർപ്പില്ലാത്ത നേരെ ചൊവ്വായ വാക്കുകൾ പറയുക, ഇതാണ് രണ്ട് ഉപദേശങ്ങൾ. ഈ രണ്ട് ഉപദേശങ്ങൾ സ്വീകരിക്കുന്ന സത്യവിശ്വാസികൾക്ക് അവരുടെ കർമങ്ങളും പ്രവൃത്തികളും അവൻ നന്നാക്കിക്കൊടുക്കും. അഥവാ നല്ല പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന സഹായവും പരിതഃസ്ഥിതികളും പ്രദാനം ചെയ്കയും, അതിന് നല്ല പ്രതിഫലങ്ങൾ നൽകുകയും ചെയ്യും. ഇതത്രെ വാഗ്ദാനങ്ങൾ. ചുരുക്കിപ്പറഞ്ഞാൽ, അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനാനിർദ്ദേശങ്ങൾ അനുസരിച്ചു ജീവിക്കുന്നതാരോ അവർതന്നെയാണ് ഇഹത്തിലും പരത്തിലും വമ്പിച്ച ഭാഗ്യം സിദ്ധിക്കുന്നവർ.

إِنَّا عَرَضْنَا ٱلْأَمَانَةَ عَلَى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱلْجِبَالِ فَأَبَيْنَ أَن يَحْمِلْنَهَا وَأَشْفَقْنَ مِنْهَا وَحَمَلَهَا ٱلْإِنسَٰنُ ۖ إِنَّهُۥ كَانَ ظَلُومًا جَهُولًا ﴿٧٢﴾

﴿72﴾ ആകാശങ്ങളുടെയും, ഭൂമിയുടെയും, പർവ്വതങ്ങളുടെയുംമേൽ (ഈ) 'അമാനത്തി'നെ നാം (എടുത്ത്) കാട്ടുകയുണ്ടായി. എന്നാലവ അത് ഏറ്റെടുക്കുന്നതിന് വിസമ്മതിക്കുകയും, അതിനെപ്പറ്റി പേടിക്കുകയും ചെയ്തു. മനുഷ്യൻ അത് ഏറ്റെടുത്തു. നിശ്ചയമായും അവൻ, അക്രമകാരിയും, അറിവുകെട്ടവനുമാകുന്നു.

﴿72﴾ إِنَّا നിശ്ചയമായും നാം عَرَضْنَا നാം കാട്ടി, പ്രദർശിപ്പിച്ചു الأَمَانَةَ അമാനത്തിനെ عَلَى السَّمَاوَاتِ ആകാശങ്ങളുടെമേൽ وَالأَرْضِ ഭൂമിയുടെയും وَالْجِبَالِ പർവ്വതങ്ങളുടെയും فَأَبَيْنَ അപ്പോഴവ വിസമ്മതിച്ചു أَنْ يَحْمِلْنَهَا അവ അത് ഏറ്റെടുക്കുന്നതിന്, വഹിക്കുന്നതിന് وَأَشْفَقْنَ അവ പേടിക്കുകയും ചെയ്തു مِنْهَا അതിനെപ്പറ്റി وَحَمَلَهَا അത് ഏറ്റെടുത്തു, വഹിച്ചു الإِنْسَانُ മനുഷ്യൻ إِنَّهُ كَانَ നിശ്ചയമായും അവനാകുന്നു ظَلُومًا അക്രമകാരി جَهُولًا അറിവുകെട്ടവൻ, മൂഢൻ

لِّيُعَذِّبَ ٱللَّهُ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ وَٱلْمُشْرِكِينَ وَٱلْمُشْرِكَٰتِ وَيَتُوبَ ٱللَّهُ عَلَى ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٧٣﴾

﴿73﴾ കപടവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും, ബഹുദൈവവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അല്ലാഹു ശിക്ഷിക്കുവാൻ വേണ്ടിയത്രെ (അത്); സത്യവിശ്വാസികളായ പുരുഷൻമാരുടെയും സ്ത്രീകളുടെയും മേൽ അല്ലാഹു പശ്ചാത്താപം സ്വീകരിക്കുവാനും (വേണ്ടിയാകുന്നു). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴿73﴾ لِيُعَذِّبَ اللهُ അല്ലാഹു ശിക്ഷിക്കുവാൻ വേണ്ടി الْمُنَافِقِينَ കപടവിശ്വാസികളെ وَالْمُنَافِقَاتِ കപടവിശ്വാസിനികളെയും وَالْمُشْرِكِينَ ബഹുദൈവ വിശ്വാസികളേയും وَالْمُشْرِكَاتِ ബഹുദൈവ വിശ്വാസിനികളെയും وَيَتُوبَ اللهُ അല്ലാഹു പശ്ചാത്താപം (മടക്കം) സ്വീകരിക്കുവാനും عَلَى الْمُؤْمِنِينَ സത്യ വിശ്വാസികളുടെ മേൽ وَالْمُؤْمِنَاتِ സത്യ വിശ്വാസിനികളുടെയും وَكَانَ اللهُ അല്ലാഹു ആകുന്നു غَفُورًا വളരെ പൊറുക്കുന്നവൻ رَحِيمًا കരുണാനിധി

'അമാനത്ത്' (الأمانة) എന്നാൽ, വിശ്വാസപൂർവ്വം ഒരാളുടെ പക്കൽ സൂക്ഷിക്കുവാൻ ഏൽപിക്കപ്പെടുന്ന അനാമത്ത്- അഥവാ സൂക്ഷിപ്പ് വസ്തു- എന്നാകുന്നു. വിശ്വസ്തത എന്നത്രെ വാക്കിന്റെ സാക്ഷാൽ അർത്ഥം. അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങളാകുന്ന മതശാസനകളാ (التكاليف الدينية)ണ് ഇവിടെ വിവക്ഷ. നിർബന്ധനിയമങ്ങൾ (الفرائض) എന്നും, അനുസരണം (الطاعة) എന്നും മറ്റും ചില മഹാൻമാർ ഈ 'അമാനത്തി'ന് വിവക്ഷ നൽകാറുണ്ടെങ്കിലും, അവയെല്ലാംതന്നെ സാരത്തിൽ പരസ്പരം യോജിച്ചതോ, അല്ലെങ്കിൽ അമാനത്തിലെ ചില പ്രധാന വശങ്ങളെ ചൂണ്ടിക്കാട്ടുന്നതോ ആണെന്ന്കാണാം.

വളരെ അർത്ഥഗർഭമായതും, ആഴത്തിൽ ചിന്തിച്ചു ഗ്രഹിക്കേണ്ടതുമായ വചനങ്ങളാണിത്. ആകാശഭൂമികളും, പർവ്വതങ്ങളുമെല്ലാം സൃഷ്ടികളിൽ വമ്പിച്ചത് തന്നെ. എങ്കിലും അവയുടെ പ്രകൃതിസ്വഭാവങ്ങൾ ഈ അമാനത്താകുന്ന ശാസനാഭാരം ഏറ്റുവാങ്ങി സ്വീകരിക്കുവാൻ പര്യാപ്തങ്ങളല്ല. അഥവാ അത് അവയ്ക്ക് യോജിച്ചതല്ല. കേവലം ഒരു ചെറുജീവിയായ മനുഷ്യന്റെ ആകൃതിയും, പ്രകൃതിയും ഒന്നുവേറെയാണ്. വിശേഷബുദ്ധിയും, വിവേചനാശക്തിയും, അവന് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ അമാനത്ത് ഏറ്റുവാങ്ങുവാനും, അത് കൈകാര്യം ചെയ്യാനും അർഹൻ അവനത്രെ. അത് അവന്നാണ് യോജിപ്പും. അങ്ങനെ, പ്രസ്തുത സൂക്ഷിപ്പ്മുതൽ അല്ലാഹു മനുഷ്യനെയാണ് ഏൽപിച്ചതും, മനുഷ്യനാണത് ഏറ്റെടുത്തതും. ഉപമാ രൂപത്തിൽ പറഞ്ഞ ആദ്യത്തെ വചനത്തിന്റെ രത്നച്ചുരുക്കം ഇതാകുന്നു.

ഈ അമാനത്തിന്റെ ഗൗരവത്തെയാണ് واشفقن منها (അവ അതിനെപ്പറ്റി പേടിക്കയും ചെയ്തു) എന്ന വാക്യം കുറിക്കുന്നത്. وحملها الإنسان (മനുഷ്യൻ അത് ഏറ്റെടുക്കുകയും ചെയ്തു) എന്ന് പറഞ്ഞതിന്റെ താൽപര്യം, അവന്റെ പ്രകൃതിവിശേഷത അതിനെ അനുകൂലിച്ചുവെന്നുമാകുന്നു. അല്ലെങ്കിൽ ചില ക്വുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നത് പോലെ, ഇത് ആത്മീയ ലോകത്ത്വെച്ച് നടന്ന സംഭവത്തെ ഉദ്ധരിച്ചതുമായിരിക്കാം. അതായത്: അല്ലാഹുവിന്റെ ഏകത്വത്തെ സമ്മതിച്ചുകൊണ്ടുള്ള ഒരു കരാർ ആത്മീയലോകത്ത്വെച്ച് അല്ലാഹുവിനോട് മനുഷ്യവർഗം നടത്തുകയുണ്ടായിട്ടുണ്ടെന്ന് സൂ: അഅ്റാഫ് 172 ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. അത്പോലയുള്ള ഒരു സംഭവമായിരിക്കും. الله أعلم ഏതായാലും ആയത്തിലടങ്ങിയ തത്വം നാം മുകളിൽ പ്രസ്താവിച്ചത് തന്നെ.

മതശാസനകളാകുന്ന അമാനത്ത് ഏറ്റെടുത്തത് മനുഷ്യനാണെന്ന് പറഞ്ഞിരിക്കകൊണ്ട് മലക്കുകളിലോ, ജിന്നുകളിലോ അല്ലാഹുവിന്റെ യാതൊരുവിധ ശാസനകളും ഉണ്ടാവുകയില്ലെന്ന് അർത്ഥമില്ല. ജിന്ന്വർഗത്തെ നിഷേധിക്കുന്നവരും, മലക്കുകളെ വിദ്യുച്ഛക്തിപോലുള്ള എന്തോ ചില ശക്തികളായി ചിത്രീകരിക്കുന്നവരും തങ്ങളുടെ പൊള്ളവാദങ്ങൾക്ക് ഇതുപോലെയുള്ള ചില ക്വുർആൻ വാക്യങ്ങളെ ചൂഷണം ചെയ്യാറുണ്ട്. സന്ദർഭോചിതം നാമതിനെ പലപ്പോഴും ചൂണ്ടിക്കാട്ടാറുണ്ട്. മലക്കുകളെപ്പറ്റി സൂ: തഹ്രീമിൽ التحريم - ما يؤمرون لا يعصون الله ما أمرهم ويفعلون (അല്ലാഹു അവരോട് കൽപിച്ചതിന് അവർ അനുസരണക്കേട് ചെയ്കയില്ല: അവരോട് കൽപിക്കപ്പെടുന്നത് അവർ ചെയ്യുകയും ചെയ്യും.) എന്ന് പറഞ്ഞിട്ടുള്ളതും, ജിന്നുകളെയും മനുഷ്യരെയുംകുറിച്ച് സൂ: ദാരിയാത്തിൽ الذاريات - والإنس إلا ليعبدون وما خلقت الجن (ജിന്നിനെയും 'ഇൻസിനെ' -മനുഷ്യനെ -യും എന്നെ ആരാധിക്കുവാനല്ലതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.) എന്നുംമറ്റും അല്ലാഹു പറഞ്ഞിരിക്കുന്നതും ഇവിടെ ഓർക്കേണ്ടതാകുന്നു. പക്ഷേ, മലക്കുകളോടും, ജിന്നുകളോടുമുള്ള ശാസനകൾ അവരുടെ പ്രകൃതിസ്വഭാവങ്ങൾക്കും, പ്രത്യേകതകൾക്കും അനുയോജ്യമായിരിക്കുമെന്നും, നമുക്ക് അതിനെപ്പറ്റി

-ക്വുർആനിലോ ഹദീഥിലോ പ്രസ്താവിച്ചുകണ്ടതല്ലാതെ- ഒന്നും തീർത്തുപറയുവാൻ സാധ്യമല്ലെന്നും വ്യക്തമാണ്.

അല്ലാഹുവിന്റെ അമാനത്താകുന്ന ഈ ചുമതലാഭാരം ഏറ്റെടുക്കുകവഴി മനുഷ്യൻ വമ്പിച്ച ഒരു ഉത്തരവാദിത്തം ഏറ്റിരിക്കുകയാണ്. ആ ഉത്തരവാദിത്തം വേണ്ടതു പോലെ നിറവേറ്റുന്നപക്ഷം അവൻ ഉൽകൃഷ്ടനും, മഹാഭാഗ്യവാനുമാകുന്നു. എന്നാൽ, അവന്റെ പൊതുനില നോക്കുമ്പോൾ അവൻ അക്രമകാരിയും, അനീതി ചെയ്യുന്നവ നുമാണ്; അവൻ അറിവുകെട്ടവനും ഭോഷനുമാണ്. പല വിഡ്ഢിത്തത്തിലും അവൻ ചെന്നുചാടും.

മനുഷ്യസഹജമാണതെല്ലാം. പല പ്രേരണകൾക്കും, താൽക്കാലികമായ ദേഹേച്ഛകൾക്കും, വിവിധ വിചാരവികാരങ്ങൾക്കും അവൻ വിധേയനാകും. അങ്ങനെ, ഭവിഷ്യത്തിനെപ്പറ്റി ആലോചിക്കാതെ അനീതിയും വിഡ്ഢിത്തവും അവൻ പ്രവർത്തിക്കുകയും ചെയ്യും. ഇതിനെയെല്ലാം അതിജയിച്ചുകൊണ്ട് തന്റെ യഥാർത്ഥജീവിതത്തിന് വേണ്ടി പരിശ്രമിക്കാനാവശ്യമായ ഉപാധികൾ അവന്റെ വശംതന്നെയുണ്ട് താനും. നന്മകളെയും തിന്മകളെയും വിവേചിച്ചറിയുവാനുള്ള ബുദ്ധിശക്തി അവനിലുണ്ട്. കൂടാതെ, അവന്റെ യഥാർത്ഥമായ വിജയത്തിന് ആസ്പദമായ സകല മാർഗദർശനങ്ങളും പ്രവാചകൻമാർ മുഖേന യഥാവിധി അല്ലാഹു കൊടുത്തരുളിയിട്ടുമുണ്ട്. ചുരുക്കത്തിൽ, ഒരു വശത്ത് അവനെ വമ്പിച്ച നാശഗർത്തത്തിലേക്ക് ആഴ്ത്തുന്ന ദുഷ്പ്രേരണകളും, മറ്റൊരുവശത്ത് അവനെ മഹാഭാഗ്യത്തിലേക്ക് ഉയർത്തിക്കൊണ്ടുപോകുന്ന സൽപ്രേരണകളും അവന്റെ കൂടെയുണ്ട്. ഇവ രണ്ടിൽ ഏതാണവൻ അനുസരിക്കുന്നത്? ഏതിനാണ് അവൻ മുൻഗണന നൽകുന്നത്? ഈ പരീക്ഷണമത്രെ 'അമാനത്ത്' ഏൽപിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം.

ദുഷ്പ്രേരണകൾക്ക് വശംവദനായി, അല്ലാഹുവിനെ ധിക്കരിക്കുന്ന മുശ്രിക്കോ മുനാഫിക്വോ ആയിത്തീരുകയാണെങ്കിൽ, അല്ലാഹുവിങ്കൽനിന്ന് അവന് ശിക്ഷ ലഭിക്കുന്നു. അതല്ല, സൽപ്രേരണകൾക്കനുസരിച്ചുകൊണ്ട് അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കുന്ന മുഅ്മിനാവുകയാണെങ്കിൽ, സ്വാഭാവികമായി വരുന്ന അവന്റെ തെറ്റുകുറ്റങ്ങൾക്ക് അല്ലാഹു മാപ്പ് നൽകുകയും, അവന്റെ കൃപാകടാക്ഷത്തിന് പാത്രമാക്കുകയും ചെയ്യും. പുരുഷനെന്നോ സ്ത്രീയെന്നോ ഇവിടെ വകഭേദമില്ല. രക്ഷാശിക്ഷകളുടെ മാനദണ്ഡം എല്ലാവർക്കും ഒന്നുതന്നെ.

അല്ലാഹു നമുക്കെല്ലാം പൊറുത്തുതരുകയും, കരുണ നൽകുകയും ചെയ്യട്ടെ. അല്ലാഹു ഏൽപിച്ച അമാനത്ത് വേണ്ടത്പോലെ കാത്തുസൂക്ഷിക്കുവാൻ അവൻ നമുക്ക് തൗഫീക്വ് നൽകട്ടെ. ആമീൻ.

والحمد لله أولا وآخرا